**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2542** **24-06-2024 - ൽ മറുപടിയ്ക്ക്**

**ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ക്യാമ്പസ് ഇൻഡസ്ട്രിയിൽ പാർക്ക് പദ്ധതിയിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണം ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കുമോ; | (എ) | ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി മാർഗ്ഗരേഖ പ്രകാരം ക്യാമ്പസ് വ്യവസായ പാർക്കിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ട ഉത്തരവാദിത്തം ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിനാണ്. ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതുസൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രൈനേജ്, ETP/CETP, laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർക്ക് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെ ഒരു എസ്റ്റേറ്റിനും, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി 1.5 കോടി രൂപ വരെയും സർക്കാർ ധനസഹായം നൽകുന്നതാണ്. എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ് ആയിട്ടാണ് തുക അനുവദിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ മിനി ഐ.ടി. പാർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | മിനി ഐ.ടി. പാർക്കുകൾ എന്ന രീതിയിലുള്ള വർഗ്ഗീകരണം ഇല്ലാതെയാണ് ക്യാമ്പസ് വ്യവസായ പാർക്കുകൾ വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | വ്യവസായ എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്നതിനുള്ള തുക റീ-ഇമ്പേഴ്സ്മെന്റ് ആയിട്ടാണ് അനുവദിക്കുന്നത് എന്നതിനാൽ സർക്കാർ ഉടമസ്ഥതയിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപങ്ങളിൽ ഈ പദ്ധതിയ്ക്കായിയുള്ള അടിസ്ഥാന സൗകര്യവികസനത്തിന്റെ തുക എപ്രകാരമാണ് കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | ഈ പദ്ധതിയ്ക്കായിയുള്ള അടിസ്ഥാന സൗകര്യവികസനത്തിന്റെ തുക കണ്ടെത്തേണ്ടത് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനമാണ്. സർക്കാർ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ക്യാമ്പസ് പാർക്കുകൾ ആരംഭിക്കുന്നതിനുള്ള തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്യാമ്പസ് വ്യവസായ പാർക്കിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ് ആയിട്ടാണ് വ്യവസായ വകുപ്പ് തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ